LIBRARY ARCHIVES Kerala Legislative Assembly

സാരമായ നാശനഷ്ടം സംഭവിച്ചതിനെ തുടർന്ന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഇവ പരിഹരിച്ചിട്ടുണ്ട്. ടി കാര്യാലയം പ്രവർത്തിക്കുന്നതിന് വിഘാതമായി നിലവിൽ ചോർച്ചയോ മറ്റ് ശോചനീയാവസ്ഥയോ ഇല്ലാത്തതുമാണ്. കൂടാതെ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മരക്കൊമ്പുകൾ വെട്ടുകയും ചോർച്ച മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി ഓഫീസ് പൊളിച്ചുപണിയുന്നതിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തി നൽകുന്നതിന് ഭരണാനുമതി നൽകുമോ; വിശദീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

15(4025) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പാലങ്ങൾ വിഭാഗത്തിനുകീഴിൽ Maintenance Estimate for Bridge in Changanassery Constituency in Kottayam District എന്ന പ്രവൃത്തിക്ക് Flood Damage Repairs-ൽ നിന്നും 17-9-2019-ലെ ഉത്തരവ് നമ്പർ AS/59C/19/107 പ്രകാരം 9,83,000 രൂപയ്ക്ക് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കിഫ്ബി വിഭാഗത്തിനുകീഴിൽ ചങ്ങനാശ്ശേരി കവിയൂർ റോഡിന് 20-8-2016-ലെ ജി.ഒ.(ആർ.റ്റി.)നം. 1192/2016/പി.ഡബ്ല്യു.ഡി. ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 18-9-2017-ലെ ഓർഡർ നം. എപിആർ-1/144/2017/കിഫ്ബി പ്രകാരം 32.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ടി പ്രവൃത്തി 80% പൂർത്തീകരിച്ചു. DBM പ്രവൃത്തികൾ കഴിഞ്ഞു. BC, ട്രാഫിക് സിഗ്നലിങ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് നവീകരണ പ്രവൃത്തിയാണ് രണ്ടാംഘട്ടത്തിൽ നടപ്പിലാക്കിയത്. 47.70 കി.മീ. ദൂരത്തിലുള്ള പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തിയുടെ കരാർ തുക 293.58 കോടി രൂപയാണ്. 15-9-2014-ന് ഈ പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചു. ഈ പ്രവൃത്തി ഉൾപ്പെടെ 13-2-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 16/2013/പി.ഡബ്ല്യു.ഡി. പ്രകാരം 2005 കോടി രൂപ അനുവദിച്ചു. 20-11-2014-ന് ആരംഭിച്ച പ്രസ്തുത പ്രവൃത്തി 1-4-2018-ന് പൂർത്തിയായി. ഇതുകൂടാതെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വികസനത്തിനായി 17-8-2020-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 318/2020/പി&ഇ.എ. സർക്കാർ ഉത്തരവ് മുഖേന 671.66 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 27-10-2020-ന് ആരംഭിച്ച ഈ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശവും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകളും ഉള്ളടക്കം ചെയ്യുന്നു.*

ആലപ്പുഴ ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

16(4026) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

117 ലക്ഷം (നൂറ്റി പതിനേഴ ലക്ഷം) രൂപ അനുവദിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമായി നാല് വർഷം കഴിഞ്ഞിട്ടും ടെണ്ടർ ചെയ്യാൻപോലും കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നാല് നിലകളിലായി 2051 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കെട്ടിടനിർമ്മാണ നടപടികൾ പൂർത്തീകരിക്കുന്നതിന് തുക അപര്യാപ്തമായതിനാലാണ് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കാത്തത്.

(സി) ഈ പ്രവൃത്തിക്ക് ഏത് സാഹചര്യത്തിലാണ് അഡീഷണൽ ഓതറൈസേഷൻ വേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.